**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 316** **23-06-2026-ൽ മറുപടിയ്ക്ക്**

**<u>ഓപ്പറേഷൻ ഡി ഹണ്ട്</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. പഴകുളം മധു

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** മയക്കുമരുന്ന് ശൃംഖലകളെ തകർക്കുന്നതിനായി ആവിഷ്കരിച്ച ലഹരി പ്രതിരോധ കർമ്മപദ്ധതിയായ 'ഓപ്പറേഷൻ ഡി ഹണ്ട്' പദ്ധതി പ്രകാരം ഇതുവരെ എത്ര കേസുകൾ എടുത്തിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് 2,954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,176 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, COTPA നിയമപ്രകാരം 1,421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(ബി)** 'ഓപ്പറേഷൻ ഡി ഹണ്ട്' പ്രകാരം ഇത് വരെ എത്ര അറസ്റ്റുകൾ നടന്നിട്ടുണ്ട്; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** 02.06.2026 മുതൽ 17.06.2026 വരെ വിവിധ തരത്തിലുള്ള നിരോധിത മയക്കുമരുന്നുകൾ കൈവശം വച്ചതുമായി ബന്ധപ്പെട്ട് 2,954 കേസുകൾ രജിസ്റ്റർ ചെയ്യുകയും 3,176 പേരെ അറസ്റ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ, COTPA നിയമപ്രകാരം 1,421 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**(സി)** ഓപ്പറേഷൻ ഡി ഹണ്ട് പദ്ധതിയുടെ ഭാഗമായി കേരളത്തിലെ സ്കൂളുകളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ;

**<u>മറുപടി:</u>** സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരി വിമുക്തവും സുരക്ഷിതവുമായ ഇടങ്ങളാക്കി മാറ്റുന്നതിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന പോലീസ് വകുപ്പ് പ്രത്യേക പദ്ധതികളും ബോധവത്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. സ്കൂൾ വിദ്യാർത്ഥികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുക, സ്കൂൾ പരിസരങ്ങളിൽ മയക്കുമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിൽപ്പനയും വിതരണവും തടയുക, വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക, ജുവനൈൽ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുക, നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഇരകളാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.915/2026/GED തീയതി 31.01.2026 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ 8,786 സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG) രൂപീകരിച്ചിട്ടുള്ളതാണ്. സമാന ലക്ഷ്യങ്ങൾ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ

കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (CPG) രൂപീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നതോടൊപ്പം, ഈ പ്രവർത്തനങ്ങൾ കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി ഹണ്ട്: ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ പ്രധാന ഘടകമായും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി ഹണ്ട്: ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിലും കോളേജുകളിലും വ്യാപകമായ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി 2,152-ലധികം ബോധവത്കരണ ക്ലാസുകളും 167-ഓളം കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ-കൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സജീവ സഹകരണത്തോടെ വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനും ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിനുമായി വിവിധ പരിപാടികൾ തുടർച്ചയായി നടപ്പിലാക്കി വരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പ്രത്യേക പരിശോധനകളും രഹസ്യ നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തപ്പെടുന്ന വിദ്യാർത്ഥികളെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പകരം ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, ഡി-അഡിക്ഷൻ ചികിത്സാ സേവനങ്ങൾ എന്നിവ ലഭ്യമാക്കി അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള പുനരധിവാസ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരിയുടെ പിടിയിൽ നിന്ന് സംരക്ഷിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി പ്രതിരോധം, ബോധവത്കരണം, നിരീക്ഷണം, പുനരധിവാസം എന്നീ മേഖലകളിൽ സംയോജിതമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

**(ഡി)** സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ ഉൾപ്പെടുത്തി വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലബുകൾ ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

**<u>മറുപടി:</u>** സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ കുട്ടികൾക്കിടയിലെ ലഹരി ഉപയോഗം തടയുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലഹരി വിമുക്തവും സുരക്ഷിതവുമായ ഇടങ്ങളാക്കി മാറ്റുന്നതിനുമായി വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ സംസ്ഥാന പോലീസ് വകുപ്പ് പ്രത്യേക പദ്ധതികളും ബോധവത്കരണ പരിപാടികളും നടപ്പിലാക്കി വരുന്നു. സ്കൂൾ വിദ്യാർത്ഥികൾ ലഹരി പദാർത്ഥങ്ങൾ ഉപയോഗിക്കുന്നത് തടയുക, സ്കൂൾ പരിസരങ്ങളിൽ മയക്കമരുന്ന്, പുകയില ഉൽപ്പന്നങ്ങൾ, മറ്റ് ലഹരി വസ്തുക്കൾ എന്നിവയുടെ വിൽപ്പനയും വിതരണവും തടയുക, വിദ്യാർത്ഥികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുക, ജുവനൈൽ കുറ്റകൃത്യങ്ങൾ നിയന്ത്രിക്കുക, നിയമവിരുദ്ധ പ്രവർത്തനങ്ങളുടെ ഇരകളാകുന്നതിൽ നിന്ന് കുട്ടികളെ സംരക്ഷിക്കുക എന്നീ ലക്ഷ്യങ്ങളോടെ സർക്കാർ ഉത്തരവ് നമ്പർ GO(Rt) No.915/2026/GED തീയതി 31.01.2026 പ്രകാരം സംസ്ഥാനത്തെ എല്ലാ സർക്കാർ, എയ്ഡഡ്, അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉൾപ്പെടെ 8,786 സ്കൂളുകളിൽ വിദ്യാഭ്യാസ വകുപ്പിന്റെ സഹകരണത്തോടെ സ്കൂൾ പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (SPG) രൂപീകരിച്ചിട്ടുള്ളതാണ്. സമാന ലക്ഷ്യങ്ങൾ മുൻനിർത്തി ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കോളേജ് പ്രൊട്ടക്ഷൻ ഗ്രൂപ്പുകൾ (CPG) രൂപീകരിക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നതോടൊപ്പം, ഈ പ്രവർത്തനങ്ങൾ കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി ഹണ്ട്: ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ പ്രധാന ഘടകമായും ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള പോലീസിന്റെ "ഓപ്പറേഷൻ ഡി ഹണ്ട്: ദി നാർക്കോ ഹണ്ട്" പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തുടനീളമുള്ള സ്കൂളുകളിലും കോളേജുകളിലും വ്യാപകമായ ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു.

ഇതിന്റെ ഭാഗമായി വിവിധ ജില്ലകളിലായി 2,152-ലധികം ബോധവത്കരണ ക്ലാസുകളും 167-ഓളം കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിച്ചിട്ടുള്ളതാണ്. വിദ്യാഭ്യാസ വകുപ്പ്, പോലീസ് വകുപ്പ്, എക്സൈസ് വകുപ്പ്, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, പി.ടി.എ-കൾ, അധ്യാപകർ, രക്ഷിതാക്കൾ തുടങ്ങിയവരുടെ സജീവ സഹകരണത്തോടെ വിദ്യാർത്ഥികളിൽ ലഹരിവിരുദ്ധ അവബോധം വളർത്തുന്നതിനും ലഹരിയുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ശാസ്ത്രീയമായ ബോധവത്കരണം നൽകുന്നതിനുമായി വിവിധ പരിപാടികൾ തുടർച്ചയായി നടപ്പിലാക്കി വരുന്നു. കൂടാതെ, വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പരിസരങ്ങളിൽ ലഹരി വിൽപ്പനയും ഉപയോഗവും തടയുന്നതിനായി പ്രത്യേക പരിശോധനകളും രഹസ്യ നിരീക്ഷണ സംവിധാനങ്ങളും ശക്തിപ്പെടുത്തിയിട്ടുണ്ട്. ലഹരി ഉപയോഗവുമായി ബന്ധപ്പെട്ട് കണ്ടെത്തപ്പെടുന്ന വിദ്യാർത്ഥികളെ ശിക്ഷാ നടപടികൾക്ക് വിധേയരാക്കുന്നതിന് പകരം ആവശ്യമായ സാഹചര്യങ്ങളിൽ കൗൺസിലിംഗ്, മാനസികാരോഗ്യ പിന്തുണ, ഡി-അഡിക്ഷൻ ചികിത്സാ സേവനങ്ങൾ എന്നിവ ലഭ്യമാക്കി അവരെ സാധാരണ ജീവിതത്തിലേക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള പുനരധിവാസ സംവിധാനങ്ങളും സർക്കാർ ഒരുക്കിയിട്ടുണ്ട്. വിദ്യാർത്ഥികളെ ലഹരിയുടെ പിടിയിൽ നിന്ന് സംരക്ഷിക്കുന്നതിനും സുരക്ഷിതവും ആരോഗ്യകരവുമായ വിദ്യാഭ്യാസ അന്തരീക്ഷം ഉറപ്പാക്കുന്നതിനുമായി പ്രതിരോധം, ബോധവത്കരണം, നിരീക്ഷണം, പുനരധിവാസം എന്നീ മേഖലകളിൽ സംയോജിതമായ പ്രവർത്തനങ്ങളാണ് നടപ്പിലാക്കി വരുന്നത്.

**സെക്ഷൻ ഓഫീസർ**